**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4735** **02-07-2024 - ൽ മറുപടിയ്ക്ക്**

**അലങ്കാര മത്സ്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് അലങ്കാര മത്സ്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിന് വേണ്ടി പൊതു അക്വേറിയങ്ങൾ, മത്സ്യഹാച്ചറികൾ, റീ സർക്കുലേറ്റിംഗ് അക്വാകൾച്ചർ സംവിധാനങ്ങൾ എന്നിവ സംസ്ഥാനത്ത് എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) അലങ്കാര മത്സ്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എല്ലാ തിങ്കളാഴ്ചകളിലും ഒരു ബയർ സെല്ലർ മീറ്റ് സംഘടിപ്പിക്കുന്നുണ്ട്. ബയർ സെല്ലർ മീറ്റ് വഴി അലങ്കാര മത്സ്യ കർഷകർ ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ന്യായമായ വിലയ്ക്ക് വിൽപ്പന നടത്തുന്നതിനും ആവശ്യക്കാർക്ക് മിതമായ വിലയ്ക്ക് അത് വാങ്ങുന്നതിനും സാധിക്കുന്നുണ്ട്. ഇതിലൂടെ ഏകദേശം 2 ലക്ഷം രൂപയുടെ മത്സ്യ വിൽപ്പന അന്നേ ദിവസം നടക്കുന്നുണ്ട്. അലങ്കാര മത്സ്യ കർഷകരുടെ ആവശ്യമനുസരിച്ച് സാങ്കേതിക പരിശീലനവും നൽകി വരുന്നു. കൂടാതെ അലങ്കാര മത്സ്യങ്ങളുടെ ഒരു ട്രേഡ് ഷോ 2022 ഡിസംബറിൽ നടത്തുകയുണ്ടായി. ഈ വർഷാവസാനത്തോടെ ദേശീയ തലത്തിലുള്ള ഒരു ഗപ്പി/ഫൈറ്റർ ഫെസ്റ്റ് നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് അലങ്കാര മത്സ്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് കീഴിൽ 632 അലങ്കാര മത്സ്യവിത്ത് ഹാച്ചറികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ അലങ്കാര മത്സ്യ വിത്തിനങ്ങളുടെ വിപണനം നടത്തുന്നതിനായുള്ള അക്വേറിയം ഷോപ്പുകൾക്ക് ഫിഷറീസ് മേഖല ജോയിൻറ് ഡയറക്ടർമാർ പ്രാദേശിക മത്സ്യ വിത്ത് കേന്ദ്രം വഴി 734 ലൈസൻസുകളും നൽകിയിട്ടുണ്ട്. മത്സ്യക്കുഞ്ഞുങ്ങളുടെ വിപണനത്തിനായി ഫിഷ് കീയോസ്കുകൾ സ്ഥാപിക്കുന്നതിന് 70 ലക്ഷം രൂപ അടങ്കൽ തുകയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 6 കീയോസ്കുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. (എറണാകുളം-2, മലപ്പുറം-1, വയനാട്-2, കാസർഗോഡ് -1) |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളിൽ അലങ്കാര മത്സ്യ കൃഷിയുമായി ബന്ധപ്പെട്ട അവബോധം സൃഷ്ടിക്കുന്നതിനായി ഈ വർഷത്തെ ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്വേറിയങ്ങൾ സ്ഥാപിക്കുന്നതിനായി കാവിലുമായി (KAVIL) ചേർന്ന് പദ്ധതി വിഭാവനം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 2021-22 വർഷം മുതൽ അലങ്കാര മത്സ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പിന്നാമ്പുറ അലങ്കാര മത്സ്യയൂണിറ്റ്, ഇടത്തര അലങ്കാര മത്സ്യയൂണിറ്റ്, സംയോജിത അലങ്കാര മത്സ്യകൃഷി യൂണിറ്റ് എന്നീ പദ്ധതികൾക്കായി 1800 ലക്ഷം (21- 22) 970 ലക്ഷം (22-23) 875 ലക്ഷം (23-24) എന്ന ക്രമത്തിൽ അടങ്കൽ തുക വകയിരുത്തുകയും അംഗീകരിച്ച് പദ്ധതി പ്രകാരം ആകെ 706 അലങ്കാര മത്സ്യയൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മത്സ്യവിത്ത് ഉൽപാദിപ്പിക്കുന്നതിനായി നെയ്യാർ, കുളത്തുപ്പുഴ, വെസ്റ്റ്കല്ലട, പീച്ചി, തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. കൂടാതെ പോളച്ചിറ, പള്ളം, മീങ്കര കല്ലാനോട്, ഭൂതത്താൻകെട്ട് എന്നീ ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉത്പാദന ശേഷി വർദ്ധിപ്പിച്ചു. നെയ്യാറിലും പന്നിവേലിച്ചിറയിലും 50ലക്ഷം വീതം ഉത്പാദന ശേഷിയുള്ള ഓരോ ഗിഫ്റ്റ് ഹാച്ചറികൾ നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചു. കൂടാതെ അഴീക്കോട് ഹാച്ചറിയിൽ 10 ലക്ഷം ഉത്പാദന ശേഷിയുള്ള പൊമ്പനോ ഹാച്ചറിയുടെ നിർമ്മാണവും പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. മലമ്പുഴയിൽ 270 ലക്ഷം അടങ്കൽ തുകയിൽ നൈൽ തിലാപ്പിയ ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. **RIDF** പദ്ധതിയിൽ ഉൾപ്പെടുത്തി വെസ്റ്റ് കല്ലടയിൽ 1221 ലക്ഷം രൂപ അടങ്കൽ തുകയുടെ ഗിഫ്റ്റ് ഹാച്ചറിയും ചെങ്കുളത്ത് 654.95 ലക്ഷം രൂപ അടങ്കൽ തുകയുടെ ഹാച്ചറിയും സ്ഥാപിക്കുന്നതിനായി നിർമ്മാണ പ്രവർത്തികൾ പുരോഗതിയിലാണ്. |
| (ബി) | ഇത് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് മത്സ്യബന്ധന വകുപ്പ് പ്രോജക്റ്റ് സമർപ്പിച്ചിട്ടുണ്ടോ? | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ